Suprabhaatham 06/01/2018

## ☐ സി.പി.സി.ആർ.ഐ കാർഷിക പ്രദർശനം

# വ്യവസായത്തിനു ലഭിക്കുന്ന പ്രോത്സാഹനം കൃഷിക്ക് ലഭിക്കുന്നില്ല: മന്ത്രി ഇ. ചന്ദ്രശേഖരൻ

കാസർകോട്: കർഷകരുടെ ചെറിയ വായ്പകൾ തിരിച്ചുപിടിക്കാൻ കാണിക്കുന്ന ശുഷ്കാന്തി വൻ കടമെടുക്കുന്ന വ്യവസായികളുടെ കാര്യത്തിൽ കാണിക്കുന്നില്ലെന്നും വൻകിടക്കാരുടെ കടങ്ങൾ എഴുതിത്തള്ളുമ്പോൾ കർഷകർക്ക് ആ പരിഗണന കിട്ടുന്നില്ലെന്നും മന്ത്രി ഇ. ചന്ദ്രശേഖരൻ. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം സ്ഥാപക ദിനത്തിന്റെയും കാസർകോട് കൃഷി വിജ്ഞാന കേന്ദ്രം രജതജൂബിലിയുടെയും ഭാഗമായി ചൗക്കി സി.പി.സി.ആർ.ഐ കാംപസിൽ നടക്കുന്ന കാർഷിക മേളയിലെ കാർഷിക-വ്യാവസായിക പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വ്യാവസായിക മേഖലയ്ക്കു കിട്ടുന്ന പ്രോത്സാഹനവും സഹായവും കാർഷിക രംഗത്തിനു ലഭിക്കുന്നില്ലെന്നത് ചർച്ചയായിട്ടുണ്ട്. കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ കണ്ടെത്തലുകൾ പൂർണമായി കൃഷിക്കാർക്കു ലഭിക്കുന്നുണ്ടോയെന്നു പരിശോധിക്കണം. വിളവെടുപ്പു സമയത്ത് ന്യായവില നൽകി ഉൽപന്നങ്ങൾ സംഭരിക്കാൻ കഴിയണം. സംസ്കരണത്തിനും സംവിധാനം വേണം. വിളനാശം നേരിടുമ്പോൾ കർഷകനു താങ്ങാവാൻ സർക്കാരിനു കഴിയണമെന്നും മന്ത്രി വ്യക്തമാക്കി.



*സി.പി.സി.ആർ.ഐ കാർഷിക പ്രദർശന ഉദ്ഘാടനം ചെയ്ത ശേഷം മന്ത്രി ഇ. ചന്ദ്രശേഖരൻ യന്ത്രം ഉപയോഗിച്ച് തേങ്ങ പൊതിക്കുന്നു*

ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫിസർ ടി.ആർ ഉഷ, സി.പി.സി.ആർ.ഐ ഐ.എം.സി അംഗം പി. സുരേഷ്കുമാർ ഷെട്ടി, തോട്ടവിള ഗവേഷണ കേന്ദ്രം ഡയരക്ടർ പി. ചൗഡപ്പ, പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോ. സി. തമ്പാൻ സംസാരിച്ചു. എട്ടിനു രാവിലെ 11ന് കാർഷിക മേള കേന്ദ്രമന്ത്രി സദാന്ദ ഗൗഡ ഉദ്ഘാടനം ചെയ്യും. പി. കരുണാകരൻ എം.പി അധ്യക്ഷനാവും.